<u>15 -ാം കേരള നിയമസഭ</u>

<u>14 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1035</u> <u>18-09-2025 - ൽ മറുപടിയ്ക്ക്</u>

<u>വന്യജീവി ആക്രമണങ്ങൾ തടയാൻ ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള നടപടികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യജീവികൾ ഇറങ്ങുന്നതും നിലവിൽ ഫെൻസിംഗ് ഇല്ലാത്തതുമായ പ്രദേശങ്ങളിൽ ഫെൻസിംഗ് നിർമ്മിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ; | (എ) | മനുഷ്യ-വന്യജീവി സംഘർഷം നേരിടുന്ന വനാതിർത്തിപ്രദേശങ്ങളിൽ നിലവിൽ 2648.34 കിലോമീറ്റർ ദൂരത്തിൽ സോളാർ വേലികൾ സ്ഥാപിച്ചിട്ടുള്ളതും അതിൽ പ്രവർത്തനക്ഷമമല്ലാതിരുന്ന 1954 കിലോമീറ്റർ വേലികൾ സർക്കാരിന്റെ മിഷൻ സോളാർ ഫെൻസിംഗ് എന്ന തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി പ്രവർത്തന സജ്ജമാക്കിയിട്ടുള്ളതുമാണ്. ഇനിയും സോളാർ വേലികൾ നിർമ്മിക്കാനുള്ള വനാതിർത്തികളിൽ വനം വകുപ്പിന്റെ തനതു-ഫണ്ട് ഉപയോഗിച്ചും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും, കൃഷി വകുപ്പ് പോലുള്ള മറ്റിതര വകുപ്പുകളുടെയും ഫണ്ട് ഉപയോഗിച്ചും സോളാർ വേലികൾ നിർമ്മിച്ചുവരുന്നു. |
| (ബി) | സംസ്ഥാനത്താകെ വനം വകുപ്പ് എത്ര ദൂരം ഫെൻസിംഗ് പൂർത്തീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് വനം വകുപ്പ് പൂർത്തീകരിച്ച സോളാർ ഫെൻസിംഗിന്റെ ഡിവിഷൻ തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇനി എത്ര ദൂരം ഫെൻസിംഗ് പൂർത്തീകരിക്കാനുണ്ടെന്ന് വനം ഡിവിഷൻ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; | (സി) | സംസ്ഥാനത്ത് വനം വകുപ്പ് പൂർത്തീകരിച്ച സോളാർ ഫെൻസിംഗിന്റെ ഡിവിഷൻ തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | പ്രവർത്തനക്ഷമമല്ലാത്ത ഫെൻസിങ്ങുകളിൽ അറ്റകുറ്റപണി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | നടപടി സ്വീകരിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പദ്ധതികളുടെ ഭാഗമായി 2025 ഫെബ്രുവരി മുതൽ സർക്കാർ നടപ്പിലാക്കി വരുന്ന മിഷൻ സോളാർ ഫെൻസിംഗ് എന്ന തീവ്രയജ്ഞ പരിപാടി ആരംഭിക്കുന്നതിന് മുൻപ് കേരളത്തിൽ 580 കിലോമീറ്റർ സോളാർ ഫെൻസിംഗ് മാത്രമാണ് പ്രവർത്തന ക്ഷമമായിട്ടുണ്ടായിരുന്നത്. എന്നാൽ പദ്ധതിയുടെ ഭാഗമായി വനം വകുപ്പ് ഉദ്യോഗസ്ഥരും താൽക്കാലിക വാച്ചർമാരും പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനത്തിലൂടെ നിലവിൽ 1954 കിലോമീറ്റർ ഫെൻസിംഗ് സംസ്ഥാനത്ത് പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ട്. സോളാർ ഫെൻസിംഗുകളുടെ സമയാ സമയങ്ങളിലു- |

| | | | |
|---|---|---|---|
| | | | ള്ള അറ്റകുറ്റപ്പണികൾ തീർക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സംസ്ഥാനത്തെ വനം വകുപ്പിലെ എല്ലാ ഫീൽഡ് വിഭാഗം ജീവനക്കാർക്കും ഫെൻസിംഗ് നിർമാണം, മെയിന്റനൻസ് എന്നിവയിൽ പ്രായോഗിക പരിശീലനം നൽകിവരുന്നു. കൂടാതെ ഫെൻസിംഗ് അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ ഉപകരണങ്ങൾ എല്ലാ വനം സ്റ്റേഷനിലും ലഭ്യമാക്കുന്നതിനായി ടൂൾ റൂമുകൾ സ്ഥാപിക്കുന്നതിന്റെ ആദ്യഘട്ടം പൂർത്തീകരിച്ചു. ഫെൻസിംഗ് ഉപകരണങ്ങളുടെ കേടുപാടുകൾ പരിഹരിക്കുന്നതിന് സംസ്ഥാനത്ത് ആദ്യമായി വനം വകുപ്പിന്റെ നേതൃത്വത്തിൽ നോർത്ത് വയനാട് ഡിവിഷനിൽ സോളാർ ഫെൻസിംഗ് സർവീസ് സെന്റർ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു. ഫെൻസിംഗിനുണ്ടാവുന്ന കേടുപാടുകൾ യഥാസമയം വനം വകുപ്പ് ഉദ്യോഗസ്ഥർ അറിയുന്നതിന് സംസ്ഥാനത്തെ എല്ലാ സോളാർ ഫെൻസിംഗുകളും സ്മാർട്ട് ഫെൻസിംഗ് ആക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. സോളാർ ഫെൻസിംഗുകളുടെ നിരന്തര പരിചരണം ഉറപ്പു വരുത്തുന്നതിന് പൊതുജനപങ്കാളിത്തത്തോടെ സോളാർ ഫെൻസിംഗ് കർമ്മസേനകളും രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| Sl No. | Division | Total Length of Fencing (in km) | Balance length of forest boundary needs to be installed with solar fence |
|---|---|---|---|
| 1. | Kasargode | 99.95 | 36.50 |
| 2. | Kannur | 54.46 | 45.00 |
| 3. | Aralam Wildlife Division | 12.00 | 6.50 |
| 4. | Kozhikkode | 77.65 | 72.50 |
| 5. | South Wayanad | 200.55 | 111.70 |
| 6. | North Wayanad | 202.00 | 38.00 |
| 7. | Wayanad Wildlife | 207.95 | 36.12 |
| 8. | Nilambur North | 156.94 | 98.80 |
| 9. | Nilambur South | 71.08 | 42.35 |
| 10. | Mannarkkad | 138.64 | 17.50 |
| 11. | Nemmara | 146.52 | 12.00 |
| 12. | Palakkad | 112.56 | 9.00 |
| 13. | Silent Valley | 15.50 | 18.70 |
| 14. | Parambikkulam Tiger Reserve | 3.90 | 0.00 |
| 15. | Thrissur | 74.82 | 67.94 |
| 16. | Chalakkudy | 80.27 | 51.10 |
| 17. | Vazhachal | 37.35 | 64.16 |
| 18. | Peechi Wildlife Divison | 36.23 | 13.50 |
| 19. | Malayatoor | 109.57 | 89.70 |
| 20. | NSC Kalady | 6.93 | 1.20 |
| 21. | Kothamangalam | 8.19 | 41.40 |
| 22. | Kottayam | 52.39 | 72.50 |
| 23. | Munnar | 53.00 | 45.00 |
| 24. | Marayoor | 22.55 | 32.00 |
| 25. | Mankulam | 39.04 | 3.50 |
| 26. | Periyar Tiger Reserve East | 30.37 | 6.60 |
| 27. | Periyar Tiger Reserve West | 35.44 | 0.00 |
| 28. | Idukki Wildlife | 50.32 | 6.77 |
| 29. | Munnar Wildlife | 53.00 | 45.00 |
| 30. | Ranni | 136.35 | 92.00 |
| 31. | Konni | 122.33 | 42.00 |
| 32. | Achankovil | 21.46 | 13.00 |
| 33. | Punalur | 55.83 | 23.80 |
| 34. | Thenmala | 38.00 | 15.70 |
| 35. | Thiruvananthapuram | 64.44 | 44.75 |
| 36. | Thiruvananthapuram Wildlife | 10.76 | 11.50 |
| 37. | Shendurney Wildlife | 10.00 | 1.50 |
| | **Total** | **2648.34** | **1329.29** |